പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 441 | 21.07.2015 - ൽ മറുപടിയ്ക്ക് |
|---|---|
| **വിവാഹ ധൂർത്ത് തടയാൻ നടപടി** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.ജി.എസ്.ജയലാൽ**<br>**,, പി.തിലോത്തമൻ**<br>**,, വി.ശശി**<br>**,, ചിറ്റയം ഗോപകുമാർ** | **ഡോ.എം. കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആഡംബര വിവാഹങ്ങളും ധൂർത്തും നിയന്ത്രിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ),(ബി)&(സി) ആഡംബര വിവാഹം ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ ചുവടെ ചേർക്കും പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.<br>1. വിവാഹങ്ങളിലെ ആർഭാടം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. അത് നിയമനിർമ്മാണത്തിന്റെ ബലത്തോടുകൂടി മാത്രമേ സാദ്ധ്യമാവുകയുള്ളൂ എന്നതിനാൽ വിവാഹങ്ങളിലെ ധൂർത്തും ആർഭാടവും നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തണം.<br>2. വിവാഹത്തോടനുബന്ധിച്ച് ഇന്ന് ഒന്നിൽ കൂടുതൽ ചടങ്ങുകൾ നടത്തപ്പെടുന്നുണ്ട്. അത് ഒന്നു മാത്രമായി ചുരുക്കി നിശ്ചയിക്കണം.<br>3. വിവാഹനിശ്ചയത്തിനും ഒന്നിൽ കൂടുതൽ ചടങ്ങുകൾ നടത്തുന്ന സ്ഥിതി ഉണ്ട്. ഇതും ഒരു ചടങ്ങ് മാത്രമായി നിജപ്പെടുത്തണം.<br>4. വിവാഹനിശ്ചയത്തിനും വിവാഹത്തിനും ക്ഷണിക്കപ്പെടുന്ന അതിഥികളുടെ എണ്ണം നിയന്ത്രിക്കണം. വിവാഹനിശ്ചയത്തിന് ഇത് 50 കുടുംബങ്ങൾ എന്നും (വരന്റെയും വധുവിന്റെയും ഭാഗത്തു നിന്ന് 25 വീതം) വിവാഹത്തിന് 250 എന്നും (വരന്റെയുംവധുവിന്റെയും ഭാഗത്തു നിന്ന് 125 വീതം എന്നും) നിശ്ചയിക്കാവുന്നതാണ്. |
| (ബി) വിവാഹ ധൂർത്തിനെതിരായുള്ള വനിതാ കമ്മീഷന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനത്തിലെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | |
| (സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | |

5. വിവാഹത്തോടനുബന്ധിച്ചുണ്ടാവുന്ന ഓരോ ഇനം ചെലവുകളും നിയന്ത്രണ വിധേയമാക്കണം. ഓരോ ഇനത്തിലും എത്ര രൂപവരെ ചെലവാക്കാം എന്നത് താഴെ സൂചിപ്പിക്കുന്നു.

a. വിവാഹക്ഷണക്കത്ത് ഒരെണ്ണത്തിന്
: 25 രൂപ വരെ

b. വിവാഹപന്തൽ/ആഡിറ്റോറിയം വാടക
: 50,000/- രൂപ വരെ

ഇതിൽ കൂടുതൽ ചെലവാക്കിയാൽ
കൂടുതലാകുന്ന തുകയ്ക്ക് സമാനമായ തുക
പെനാൽറ്റിയായി സർക്കാരിലേയ്ക്ക് അടയ്ക്കണം

c. വിവാഹപന്തൽ/ആഡിറ്റോറിയം,അലങ്കാരങ്ങളും വിവാഹ മണ്ഡപത്തിലെ ചടങ്ങുകളും
: 50,000/- രൂപ വരെ

d. വിവാഹസദ്യ ( ഒരാൾക്ക്)
: 150/- രൂപ വരെ

e. വധുവിന്റെ വസ്ത്രങ്ങൾക്ക്
: 20000/- രൂപ വരെ

f. വരന്റെ വസ്ത്രങ്ങൾക്ക്
: 15000/ രൂപ വരെ

g. വധുവിന് സ്വർണ്ണാഭരണങ്ങൾ
: 10 പവൻ വരെ

h. വരന് സ്വർണ്ണാഭരണങ്ങൾ(താലിമാല അടക്കം : 5 പവൻ വരെ

6. വിവാഹചെലവുകൾ സംബന്ധിച്ച് വരന്റെ ഭാഗത്തു നിന്നും വധുവിന്റെ ഭാഗത്തും നിന്നും ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിന് നിയമം അനുശാസിക്കണം

7. വിവാഹത്തിന്റെ ചെലവുകൾ ഉദ്ദേശം നിജപ്പെടുത്തി അത് സംബന്ധിച്ച ഡിക്ലറേഷൻ വിവാഹം നടത്തിക്കൊടുക്കുന്ന മത ആചാര്യൻ നൽകണമെന്ന് അനുശാസിക്കണം.

8. വിവാഹങ്ങൾ ലളിതമായി നടത്തുന്നതിന് ബോധവൽക്കരണം നടത്താൻ പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിക്കണം.
9. നിയമത്തിൽ അനുശാസിക്കുന്നതിനേക്കാൾ കൂടുതൽ ചെലവാക്കിക്കൊണ്ട് ആർഭാടപൂർണ്ണമായി വിവാഹം നടത്തുന്നവരിൽ നിന്ന് മൊത്തം ചെലവിന്റെ 25% പിഴയായി സർക്കാർ ഈടാക്കുന്നതിന് നിയമത്തിൽ വകുപ്പുകൾ ഉണ്ടാവണം.
10. പൊന്നും പട്ടും ഉണ്ടായാലേ വിവാഹം ആവുന്നുള്ളൂ തുടങ്ങിയ രീതിയിലുള്ള പരസ്യങ്ങൾ നിരോധിക്കണം.

കേരള വനിതാ കമ്മീഷൻ ശുപാർശ പ്രകാരം ആർഭാട വിവാഹങ്ങളും വിവാഹങ്ങളോട് അനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമാണെന്ന് മാത്രമല്ല പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നതുകൊണ്ട് പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ അനുവദിക്കാറില്ല ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയായ വിധമല്ലാതെയായാൽ, അങ്ങനെയുള്ള ഏതു നിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹ ധൂർത്തിനെതിരെ നിയമ നിർമ്മാണം നടത്തുന്നതിന് മുൻപ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയാണ് ആദ്യം വേണ്ടത് എന്നതിനാൽ മത മേലദ്ധ്യക്ഷമാരുമായും. രാഷ്ട്രീയ കക്ഷികളുമായും, സാമൂഹ്യ പ്രസ്ഥാനങ്ങളുമായും ഇത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും, പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് ആവശ്യമായ

| | |
|---|---|
| | മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുവാൻ സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

വിവാഹം ആർഭാടമായി നടത്തുന്നതിനെതിരെ നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ച് ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 04.10.2012 ന് തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ ഒരു ഏകദിന ശിൽപശാല സംഘടിപ്പിച്ചിരുന്നു. തുടർന്ന് 04.12.2012 ലും 14.12.2012 ലും കമ്മീഷൻ തലത്തിൽ രണ്ട് ശിൽപശാലകൾ സംഘടിപ്പിക്കുകയും, ടി ശിൽപശാലകളിൽ നിന്നുമുള്ള അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ശുപാർശകൾ കമ്മീഷൻ സമർപ്പിക്കുകയുമുണ്ടായി.

1. വിവാഹങ്ങളിലെ ആർഭാടം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. അത് നിയമനിർമ്മാണത്തിന്റെ ബലത്തോടുകൂടി മാത്രമേ സാദ്ധ്യമാവുകയുള്ളൂ എന്നതിനാൽ വിവാഹങ്ങളിലെ ധൂർത്തും ആർഭാടവും നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തണം.
2. വിവാഹത്തോടനുബന്ധിച്ച് ഇന്ന് ഒന്നിൽ കൂടുതൽ ചടങ്ങുകൾ നടത്തപ്പെടുന്നുണ്ട്.അത് ഒന്നു മാത്രമായി ചുരുക്കി നിശ്ചയിക്കണം.
3. വിവാഹനിശ്ചയത്തിനും ഒന്നിൽ കൂടുതൽ ചടങ്ങുകൾ നടത്തുന്ന സ്ഥിതി ഉണ്ട്. ഇതും ഒരു ചടങ്ങ് മാത്രമായി നിജപ്പെടുത്തണം.
4. വിവാഹനിശ്ചയത്തിനും വിവാഹത്തിനും ക്ഷണിക്കപ്പെടുന്ന അതിഥികളുടെ എണ്ണം നിയന്ത്രിക്കണം. വിവാഹനിശ്ചയത്തിന് ഇത് 50 കുടുംബങ്ങൾ എന്നും ( വരന്റെയും വധുവിന്റെയും ഭാഗത്തു നിന്ന് 25 വീതം) വിവാഹത്തിന് 250 എന്നും (വരന്റെയും വധുവിന്റെയും ഭാഗത്തു നിന്ന് 125 വീതം എന്നും) നിശ്ചയിക്കാവുന്നതാണ്.
5. വിവാഹത്തോടനുബന്ധിച്ചുണ്ടാവുന്ന ഓരോ ഇനം ചെലവുകളും നിയന്ത്രണവിധേയമാക്കണം. ഓരോ ഇനത്തിലും എത്ര രൂപവരെ ചെലവാക്കാം എന്നത് താഴെ സൂചിപ്പിക്കുന്നു.
   a. വിവാഹക്ഷണക്കത്ത് ഒരെണ്ണത്തിന് : 25 രൂപ വരെ
   b. വിവാഹപന്തൽ/ആഡിറ്റോറിയം വാടക : 50,000/- രൂപ വരെ

   ഇതിൽ കൂടുതൽ ചെലവാക്കിയാൽ കൂടുതലാകുന്ന തുകയ്ക്ക് സമാനമായ തുക പെനാൽറ്റിയായി സർക്കാരിലേയ്ക്ക് അടയ്ക്കണം.

c. വിവാഹപന്തൽ/ആഡിറ്റോറിയം അലങ്കാരങ്ങളും
വിവാഹമണ്ഡപത്തിലെ ചടങ്ങുകളും 50,000/- രൂപ വരെ

d. വിവാഹസദ്യ ( ഒരാൾക്ക്) : 150/- രൂപ വരെ

e. വധുവിന്റെ വസ്ത്രങ്ങൾക്ക് : 20000/- രൂപ വരെ

f. വരന്റെ വസ്ത്രങ്ങൾക്ക് 15000/ രൂപ വരെ

g. വധുവിന് സ്വർണ്ണാഭരണങ്ങൾ : 10 പവൻ വരെ

h. വരന് സ്വർണ്ണാഭരണങ്ങൾ(താലിമാല അടക്കം) : 5 പവൻ വരെ

6. വിവാഹചെലവുകൾ സംബന്ധിച്ച് വരന്റെ ഭാഗത്തു നിന്നും വധുവിന്റെ ഭാഗത്തും നിന്നും ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിന് നിയമം അനുശാസിക്കണം.

7. വിവാഹത്തിന്റെ ചെലവുകൾ ഉദ്ദേശം നിജപ്പെടുത്തി അത് സംബന്ധിച്ച ഡിക്ലറേഷൻ വിവാഹം നടത്തിക്കൊടുക്കുന്ന മത ആചാര്യൻ നൽകണമെന്ന് അനുശാസിക്കണം.

8. വിവാഹങ്ങൾ ലളിതമായി നടത്തുന്നതിന് ബോധവൽക്കരണം നടത്താൻ പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിക്കണം.

9. നിയമത്തിൽ അനുശാസിക്കുന്നതിനേക്കാൾ കൂടുതൽ ചെലവാക്കിക്കൊണ്ട് ആർഭാടപൂർണ്ണമായി വിവാഹം നടത്തുന്നവരിൽ നിന്ന് മൊത്തം ചെലവിന്റെ 25% പിഴയായി സർക്കാർ ഈടാക്കുന്നതിന് നിയമത്തിൽ വകുപ്പുകൾ ഉണ്ടാവണം.

10. പൊന്നും പട്ടും ഉണ്ടായാലേ വിവാഹം ആവുന്നുള്ളൂ തുടങ്ങിയ രീതിയിലുള്ള പരസ്യങ്ങൾ നിരോധിക്കണം.

കേരള വനിതാ കമ്മീഷൻ ശുപാർശ പ്രകാരം ആർഭാട വിവാഹങ്ങളും വിവാഹങ്ങളോട് അനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമാണെന്ന് മാത്രമല്ല പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നതുകൊണ്ട് പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ

അനുവദിക്കാറില്ല. ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയാം വിധമല്ലാതെയായാൽ, അങ്ങനെയുള്ള ഏതു നിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹ ധൂർത്തിനെതിരെ നിയമ നിർമ്മാണം നടത്തുന്നതിനു മുൻപ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയാണ് ആദ്യം വേണ്ടത്. എന്നതിനാൽ മത മേലദ്ധ്യക്ഷൻമാരുമായും, രാഷ്ട്രീയ കക്ഷികളുമായും, സാമൂഹ്യ പ്രസ്ഥാനങ്ങളുമായും ഇത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും, പത്ര. ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുവാൻ സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്